**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1014** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ വിതരണവും കുടിശ്ശികയും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 23,000-ത്തോളം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും സെപ്റ്റംബർ മാസത്തെ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** മത്സ്യബോർഡ് മുഖേന പെൻഷൻ ലഭിക്കുന്ന 76,385 ഗുണഭോക്താക്കളിൽ 52,728 പേരുടെ ആധാർ ഓതന്റിക്കേഷൻ പൂർത്തിയായിട്ടുണ്ട്. 2026 സെപ്റ്റംബർ 15-നകം ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കാത്ത 16,660 ഗുണഭോക്താക്കൾക്ക് സെപ്റ്റംബർ മാസത്തെ പെൻഷൻ അനുവദിച്ചിരുന്നില്ല. ഇവരുടെ ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കുന്നതിനായി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഫിഷറീസ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 2026 ഒക്ടോബർ 15 വരെ സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. കഴിഞ്ഞ 10 ദിവസത്തിനുള്ളിൽ 3,612 പേരുടെ ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്നവരുടെയും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഒക്ടോബർ മാസത്തെ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** മത്സ്യബോർഡിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം എത്രയാണ്; ഇവരുടെ വാർധക്യപെൻഷൻ, വിധവാപെൻഷൻ, അനുബന്ധ പെൻഷൻ എന്നിങ്ങനെ ഇനംതിരിച്ചുള്ള ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വിവരം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** മത്സ്യബോർഡിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്ന 76,385 ഗുണഭോക്താക്കളിൽ, 2026 ആഗസ്റ്റ് മാസത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ 63,116 പേർക്കും സെപ്റ്റംബർ മാസത്തിൽ മസ്റ്ററിംഗും ആധാർ ഓതന്റിക്കേഷനും പൂർത്തിയാക്കിയ 46,415 പേർക്കുമാണ് പെൻഷൻ വിതരണം ചെയ്തത്. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

**(സി)** കുടിശ്ശികയായ പെൻഷൻ തുക അനുവദിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** കുടിശ്ശികയായ പെൻഷൻ തുക അനുവദിച്ച് വിതരണം ചെയ്യുന്നതിനായി ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**